# പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 3771

15/05/2017-ൽ
മറുപടിയ്ക്ക്

## കോളേജ് പ്രിൻസിപ്പൽ നിയമനം

**ചോദ്യം**

**മറുപടി**

ശ്രീ.അൻവർ സാദത്ത്
ശ്രീ.അനിൽ അക്കര
ശ്രീ.ഹൈബി ഈഡൻ
ശ്രീ.വി.ടി.ബൽറാം

പ്രൊഫ.സി.രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കോളേജ് പ്രിൻസിപ്പൽ നിയമനത്തിന് യു.ജി.സി. നിഷ്കർഷിച്ച യോഗ്യത നിർബന്ധമാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; | (എ), (ബി), (സി) & (ഡി) | ഉണ്ട്. സ.ഉ(പി) 392/2010/ഉ.വി.വ തീയതി 10.12.2010 പ്രകാരം യു.ജി.സി മാനദണ്ഡങ്ങൾ സംസ്ഥാനത്തെ കോളേജുകൾക്ക് ബാധകമാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതിനനുസൃതമായി സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. സ്പെഷ്യൽ റൂളിന്റെ ഭേദഗതി നടപ്പിൽ വരുത്തുന്നതിനുള്ള നടപടിക്രമങ്ങളിലെ കാലതാമസം കാരണം പ്രിൻസിപ്പൽ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നത് ഭരണപരമായി ഒട്ടനവധി ബുദ്ധിമുട്ടുകൾ ഉണ്ടാകുന്ന സാഹചര്യത്തിൽ അത് തരണം ചെയ്യുന്നതിനായി സംസ്ഥാനത്തെ കോളേജിലെ പ്രിൻസിപ്പൽമാരുടെ പ്രൊമോഷൻ യു.ജി.സി നിബന്ധനകൾക്ക് വിധേയമായി നടത്തുന്നതിനു സ.ഉ(പി) 10/2017/ഉ.വി.വ തീയതി 19.03.2017 പ്രകാരം ഉത്തരവായിട്ടുണ്ട്. സുപ്രീം കോടതി മുൻപാകെ പരിഗണനയിലുള്ള കേസിന്റെ അന്തിമ വിധിന്യായത്തിനു വിധേയമായി മാത്രമേ മതിയായ യോഗ്യത ഇല്ലാതെ ഇതിനകം പ്രിൻസിപ്പൽ നിയമനം നേടിയവരുടെ കാര്യത്തിൽ തീരുമാനം എടുക്കാനാകയുള്ളൂ. |
| (ബി) | ഇത് സംബന്ധിച്ച ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിലാണോ ഉത്തരവ് പുറപ്പെടുവിച്ചത്; | | |
| (സി) | കോളേജ് പ്രിൻസിപ്പൽ നിയമനത്തിന് സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായി അടിയന്തിര നടപടി സ്വീകരിക്കുമോ; | | |
| (ഡി) | മതിയായ യോഗ്യത ഇല്ലാതെ ഇതിനകം പ്രിൻസിപ്പൽ നിയമനം നേടിയവരെ പുതിയ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തരംതാഴ്ത്തുമോ; വ്യക്തമാക്കുമോ? | | |

**സെക്ഷൻ ഓഫീസർ**